REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 31-10-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ഇന്ന് ദേശീയ ഏകതാ ദിനം. സർദാർ വല്ലാഭായ് പട്ടേൽ ജന്മവാർഷിക ദിനത്തിലെ ഏകതാ പരേഡിന് പ്രധാനമന്ത്രി നരേന്ദ്രമോദി കെവാഡിയയിൽ നേതൃത്വം നൽകും.**
- **ഇന്ത്യയുടെ അടുത്ത ചീഫ് ജസ്റ്റിസ് ആയി, ജസ്റ്റിസ് സൂര്യകാന്ത് നവംബർ 24 ന് സ്ഥാനമേൽക്കും.**
- **മൂന്നാം ക്ലാസ് മുതൽ പാഠ്യപദ്ധതിയിൽ നിർമ്മിതബുദ്ധി പഠനം ഉൾപ്പെടുത്താൻ കേന്ദ്രതീരുമാനം.**
- **കേരളത്തെ അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി നാളെ പ്രഖ്യാപിക്കും.**
- **ഓസ്ട്രേലിയയെ തോൽപ്പിച്ച് ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം, ICC ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ.**

## വാർത്തകൾ വിശദമായി

ഇന്ന് ദേശീയ ഏകതാ ദിനം. സ്വാതന്ത്ര്യാനന്തരം രാജ്യത്തെ ഐക്യത്തിന്റെ പാതയിൽ നയിച്ച ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനമാണ് എല്ലാ വർഷവും ഒക്ടോബർ 31 ന് ഏകതാ ദിനമായി ആഘോഷിക്കുന്നത്. പട്ടേലിന്റെ 150-ാം ജന്മവാർഷിക ദിനത്തിൽ ഗുജറാത്തിലെ കെവാഡിയാ ഏകതാ പ്രതിമയ്ക്ക് സമീപം ഏകതാ പരേഡിന് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും.

രാജ്യത്തിന്റെ ഐക്യവും വൈവിധ്യവും പ്രദർശിപ്പിക്കുന്ന മഹത്തായ പരേഡിന്റെ ഭാഗമായി നിരവധി സാംസ്കാരിക പരിപാടികളും അരങ്ങേറും. BSF, CRPF, CISF, ITBP, SSB, സേനാ വിഭാഗങ്ങൾ പരേഡിൽ അണിനിരക്കും.

കേരളം, അസം, ത്രിപുര, ഒഡീഷ, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, പഞ്ചാബ്, ജമ്മുകശ്മീർ, ആന്ധ്രാപ്രദേശ്, എന്നിവ ഉൾപ്പെടെ സംസ്ഥാനങ്ങളിലെ പൊലീസ് സേന അംഗങ്ങളും പരേഡിൽ പങ്കെടുക്കും. ദേശീയ ഐക്യം, സമഗ്രത, സുരക്ഷ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ ദിനം സമർപ്പിച്ചിരിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

ഇന്നു മുതൽ നവംബർ 25 വരെ ജില്ലാതലങ്ങളിൽ കാൽനട ജാഥകൾ നടത്തും. ജില്ലകളിൽ ജലാശയ ശുചീകരണം, സർദാർ ഉപവൻ പരിപാടിയിൽ മരംനടൽ, വനിതാക്ഷേമ ക്യാമ്പുകൾ, യോഗ, ആരോഗ്യക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കും.

ആഘോഷങ്ങളുടെ ഭാഗമായി ഏക ഭാരതം ശ്രേഷ്ഠ ഭാരതം എന്ന സന്ദേശമുയർത്തി രാജ്യമെങ്ങും യൂണിറ്റി റൺ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മേരാ യുവഭാരതും NSS ഉം കോഴിക്കോട് ബീച്ചിൽ യൂണിറ്റി പദയാത്ര നടത്തും. 600 യുവാക്കൾ പദയാത്രയിൽ പങ്കെടുക്കും.

കോഴിക്കോട് സിറ്റി പൊലീസും, സ്റ്റുഡന്റ് പോലീസ് കേഡറ്റുകളും കൂട്ടയോട്ടവും സംഘടിപ്പിക്കുന്നുണ്ട്. ജില്ലാതല ഉദ്ഘാടനം കോഴിക്കോട് ബീച്ചിലാണ്. കോഴിക്കോട് സായ് സെന്ററിലും യൂണിറ്റി റൺ ഉണ്ടായിരിക്കും.

പത്തനംതിട്ട ജില്ലയിലും ഏകതാ ദിനത്തിന്റെ ഭാഗമായി പദയാത്ര സംഘടിപ്പിച്ചിട്ടുണ്ട്.ടൗൺ സ്ക്വയറിൽ നിന്ന് ആരംഭിച്ച് പദയാത്ര കാത്തലിക് ഹയർ സെക്കന്ററി സ്കൂളിൽ അവസാനിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ രോഹിണിയിൽ വൈകീട്ട് അന്താരാഷ്ട്ര ആര്യൻ ഉച്ചകോടിയെ അഭിസംബോധന ചെയ്യും. ആര്യസമാജത്തിന്റെ 150-ാം വാർഷികവും, മഹർഷി ദയാനന്ദ സരസ്വതിയുടെ 200-ാം ജന്മവാർഷികവും അനുസ്മരിക്കുന്ന ജ്ഞാനജ്യോതി ഉത്സവത്തിന്റെ ഭാഗമാണ് പരിപാടി.

✪✪✪

ഇന്ത്യയുടെ അടുത്ത ചീഫ് ജസ്റ്റിസ് ആയി, ജസ്റ്റിസ് സൂര്യകാന്ത് നവംബർ 24 ന് സ്ഥാനമേൽക്കും. ഇന്നലെയാണ് രാഷ്ട്രപതി ദ്രൗപതി മുർമു അദ്ദേഹത്തെ രാജ്യത്തിന്റെ 53-ാമത് ചീഫ് ജസ്റ്റിസ് ആയി നിയമിച്ചത്.

ജസ്റ്റിസ് BR ഗവായ് നവംബർ 23 ന് വിരമിക്കുന്ന ഒഴിവിലാണ് സൂര്യകാന്തിന്റെ നിയമനം. ചീഫ് ജസ്റ്റിസ് ആയി നിയമിതനായ ജസ്റ്റിസ് സൂര്യകാന്തിനെ സാമൂഹ്യമാധ്യമപോസ്റ്റിൽ കേന്ദ്രമന്ത്രി അർജ്ജുൻ റാം മേഘ്വാൾ അഭിനന്ദിച്ചു.

✪✪✪

മൂന്നാം ക്ലാസ് മുതൽ പാഠ്യപദ്ധതിയിൽ നിർമ്മിതബുദ്ധി പഠനം ഉൾപ്പെടുത്തുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു. നിർമ്മിതബുദ്ധിയുടെ നീതിപൂർവ്വകമായ ഉപയോഗവും, സങ്കീർണ വെല്ലുവിളികളിൽ അവയുടെ പ്രയോജനവും പഠനത്തിന്റെ തുടക്കകാലം മുതൽ ലഭ്യമാക്കാനാണ് നടപടിയെന്ന് മന്ത്രാലയം വിശദീകരിച്ചു. പഠനം, ചിന്ത, അധ്യാപനം എന്നീ മേഖലകളിൽ നിർമ്മിതബുദ്ധിയുടെ ഉപയോഗം പൊതുനന്മയ്ക്കായി അതിനെ പ്രയോജനപ്പെടുത്താൻ വഴിതെളിക്കുമെന്നും മന്ത്രാലയം വിലയിരുത്തി.

ഇതിന്റെ പാഠ്യപദ്ധതി തയ്യാറാക്കാൻ മദ്രാസ് IIT യിലെ പ്രൊഫ. കാർത്തിക് രാമന്റെ നേതൃത്വത്തിൽ വിദഗ്ധ സംഘത്തെ CBSE രൂപീകരിച്ചു. CBSE യ്ക്കു പുറമെ NCERT, കേന്ദ്രീയ - നവോദയ വിദ്യാലയങ്ങൾ, വിദഗ്ധർ തുടങ്ങിയവരുമായി വിശദ ചർച്ചകൾക്കു ശേഷമായിരിക്കും പാഠ്യപദ്ധതി തയ്യാറാക്കുന്നത്.

✪✪✪

നരേന്ദ്രമോദി ഗവൺമെന്റ് കഴിഞ്ഞ മാസം 22 ന് പ്രഖ്യാപിച്ച വരും തലമുറ GST പരിഷ്കരണം രാജ്യത്തെ പൗരന്മാരുടെ ജീവിതത്തിൽ ഒട്ടേറെ ഗുണകരമായ മാറ്റങ്ങൾ കൊണ്ടുവന്നു. GST ബചത് ഉത്സവം ഓട്ടോമൊബൈൽ രംഗത്തുണ്ടാക്കിയ പ്രയോജനങ്ങളെ കുറിച്ച് ആകാശവാണി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്.

.......വോയ്സ്......

വരുംതലമുറ GST പരിഷ്കരണങ്ങൾ ഓട്ടോമൊബൈൽ മേഖലയ്ക്ക് ഒട്ടേറെ ഗുണങ്ങളാണുണ്ടാക്കിയത്. രാജ്യത്തെ വിതരണ ശൃംഖലയുടെ നട്ടെല്ലായ ട്രക്കുകൾ, ഡെലിവറി വാനുകൾ തുടങ്ങിയ വാണിജ്യ വാഹനങ്ങളുടെ നികുതി നിരക്ക് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചത് ലോജിസ്റ്റിക് മേഖലയിലെ ചെലവ് ഗണ്യമായി കുറയ്ക്കാനും മത്സരക്ഷമത കൂട്ടാനും സഹായിച്ചു.

കാറുകളുടെയും മോട്ടോർ ബൈക്കുകളുടെയും നിർമ്മാണ സാമഗ്രികളുടെ GST കുറച്ചത് നിർമ്മാതാക്കളുടെ ചെലവ് കുറക്കുകയും പുതിയ വാഹനങ്ങൾ

ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വിലയ്ക്ക് വാഹനങ്ങൾ വാങ്ങാൻ വഴിയൊരുക്കുകയും ചെയ്തു. നേരത്തെ 12 ശതമാനമുണ്ടായിരുന്ന ട്രാക്ടറുകളുടെ GST അഞ്ചു ശതമാനം സ്ലാബിലേക്ക് മാറ്റിയത് ചരക്കുനീക്കത്തിന് കൂടുതൽ സഹായിച്ചു.

✪✪✪

കേരളത്തെ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വൈകിട്ട് ആണ് ചടങ്ങ്. ചലച്ചിത്ര താരങ്ങളായ മോഹൻലാൽ, മമ്മൂട്ടി, കമൽഹാസൻ തുടങ്ങിയവർ ചടങ്ങിൽ മുഖ്യാതിഥികളാവും. സംസ്ഥാനത്തെ 59,277 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചാണ് കേരളം ഈ ലക്ഷ്യം കൈവരിച്ചത്.

✪✪✪

ഈ വർഷത്തെ മലയാളദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും നാളെ ഉച്ചയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം ദർബാർഹാളിൽ ഉദ്ഘാടനം ചെയ്യും. സജി ചെറിയാൻ അധ്യക്ഷനാകുന്ന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി ഡോ. VP. ജോയ് മുഖ്യപ്രഭാഷണം നടത്തും. ചീഫ്സെക്രട്ടറി ഡോ. A ജയതിലക് ഭരണഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

മലയാളഭാഷയ്ക്കു വിലപ്പെട്ട സംഭാവനകൾ നൽകിയ K.K സരസമ്മ, ഡോ. MM ബഷീർ എന്നിവരെ ചടങ്ങിൽ ആദരിക്കും. 'സമകാലിക ജനപഥം' ഭരണഭാഷാപതിപ്പിന്റെ പ്രകാശനവും, സംസ്ഥാനതല ഭരണഭാഷാപുരസ്കാര വിതരണവും മുഖ്യമന്ത്രി നടത്തും.

✪✪✪

വനംവകുപ്പിന്റെ മലയാള ദിനാഘോഷവും, ഭരണഭാഷാ വാരാചരണവും തിരുവനന്തപുരത്തെ വനശ്രീ ഓഡിറ്റോറിയത്തിൽ എഴുത്തുകാരൻ പ്രൊഫ. V കാർത്തികേയൻ ഉദ്ഘാടനം ചെയ്യും. സമാപന സമ്മേളനം നവംബർ ഏഴിന് എഴുത്തുകാരൻ E സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രസാർ ഭാരതിയും, കേന്ദ്ര സാംസ്കാരിക മന്ത്രാലയവും ചേർന്ന് നവംബർ 2 മുതൽ 29 വരെ രാജ്യത്തെ 24 കേന്ദ്രങ്ങളിൽ 67-ാമത് ആകാശവാണി സംഗീത സമ്മേളനം സംഘടിപ്പിക്കുമെന്ന് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. ഇന്ത്യയുടെ സമ്പന്നമായ സംഗീത പൈതൃകം സംരക്ഷിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും ജനപ്രിയമാക്കുന്നതിലും ആകാശവാണി സംഗീത സമ്മേളനം നിർണായക സംഭാവനകൾ നൽകിയിട്ടുണ്ട്.

✪✪✪

തൃശ്ശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിൽ നാളെ മുതൽ പ്രവേശനം അനുവദിക്കും. നിലവിൽ സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പ്രവേശനം നൽകുന്ന തീയതി പിന്നീട് അറിയിക്കും.

✪✪✪

സംസ്ഥാനത്ത് മിക്ക ജില്ലകളിലും ഇന്നും മഴ ലഭിക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒരിടത്തും ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടില്ല.

✪✪✪

കാസർഗോഡ് ബേഡടുക്ക ഹൈടെക് ആട് ഫാം, മന്ത്രി J.ചിഞ്ചു റാണി നാടിന് സമർപ്പിച്ചു. രണ്ട് കോടി 66 ലക്ഷം രൂപ ചെലവിലാണ് ഫാം പൂർത്തിയാക്കിയത്.

ചെർക്കള ഹൈമാക്സ് ഓഡിറ്റോറിയത്തിൽ ജില്ലാപഞ്ചായത്തിന്റെ വികസന സെമിനാർ ‘ പടവുകൾ-2025 ‘ ഉം മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

മന്ത്രി KN ബാലഗോപാൽ കാസർഗോഡ് ജില്ലയിലെ വിവിധ പരിപാടികളിൽ ഇന്ന് പങ്കെടുക്കും. രാവിലെ വനിതാ നിക്ഷേപ സംഗമവും, കയറ്റുമതി ശിൽപശാലയും B ടു B മീറ്റും മന്ത്രി ഉദ്ഘാടനം ചെയ്യും. തുടർന്ന് നീലേശ്വരം നഗരസഭയുടെ ബസ് സ്റ്റാന്റ് കം ഷോപ്പിങ് കോംപ്ലക്സ് മന്ത്രി നാടിന് സമർപ്പിക്കും.

✪✪✪

ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ICC ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ. മുംബൈ DY പാട്ടിൽ സ്പോർട്സ് അക്കാദമി ഗ്രൗണ്ടിൽ ഓസ്ട്രേലിയയെ അഞ്ച് വിക്കറ്റിന് തകർത്താണ് ഇന്ത്യയുടെ ഫൈനൽ പ്രവേശം. 339 റൺസ് വിജയലക്ഷ്യവുമായി ബാറ്റ് ചെയ്ത ഇന്ത്യ, ഒൻപത് ബോൾ ശേഷിക്കെ അഞ്ച് വിക്കറ്റിന് ലക്ഷ്യം മറികടന്നു.

ജെമീമ റോഡ്രിക്സിന്റെ 127 റൺസാണ് ഇന്ത്യൻ വിജയത്തിന് കരുത്തായത്. ക്യാപ്റ്റൻ ഹർമൻ പ്രീത് കൗർ 88 ബോളിൽ നിന്ന് 89 റൺസുമെടുത്തു. ജെമീമയാണ് പ്ലയർ ഓഫ് ദ മാച്ച്.

നേരത്തെ 49.5 ഓവറിൽ 338 റൺസിന് ഓസ്ട്രേലിയ പുറത്തായി. മറ്റന്നാൾ നവിമുംബൈയിലെ DY പാട്ടീൽ സ്റ്റേഡിയത്തിൽ ഇന്ത്യ, ദക്ഷിണാഫ്രിക്കയെ ഫൈനലിൽ നേരിടും.

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് മെൽബണിൽ ആരംഭിക്കും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1-45 നാണ് മത്സരം.

കാൻബറയിൽ പരമ്പരയിലെ ആദ്യമത്സരം മഴ മൂലം ഉപേക്ഷിച്ചിരുന്നു.

✪✪✪

കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ ജില്ലാ അക്കാദമി ലീഗ് ചാമ്പ്യൻഷിപ്പ് നാളെ തുടങ്ങും. അഞ്ച് പ്രായ വിഭാഗങ്ങളിലായി 49 അക്കാദമികളിലെ 3,500 ലേറെ കുട്ടികൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും.

✪✪✪

ജില്ലാതല പട്ടയമേളകൾ രാവിലെ മന്ത്രി K. രാജൻ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യും.

ഇടുക്കി വാഴത്തോപ്പ് സെന്റ് ജോർജ് ചർച്ച് പാരിഷ് ഹാളിലെ പട്ടയമേളയിൽ മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷനാകും. 564 പട്ടയങ്ങൾ ചടങ്ങിൽ വിതരണം ചെയ്യും. മലപ്പുറത്ത് മന്ത്രി V. അബ്ദുറഹ്മാൻ മേളയിൽ അധ്യക്ഷനാവും. പത്തനംതിട്ടയിലെ മേളയിൽ മന്ത്രി വീണാ ജോർജും അധ്യക്ഷയാകും.

കോഴിക്കോട്ട് മന്ത്രി PA മുഹമ്മദ് റിയാസ് അധ്യക്ഷത വഹിക്കും.

✪✪✪

സംഘർഷത്തെ തുടർന്ന് പ്രവർത്തനം നിർത്തിയ താമരശ്ശേരി ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്ക്കരണ പ്ലാന്റിന് കർശന ഉപാധികളോടെ പ്രവർത്തനം പുനഃരാരംഭിക്കാൻ ജില്ലാഭരണകൂടം അനുമതി നൽകി. കോഴിക്കോട് കലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല ഫെസിലിറ്റേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടേതാണ് അനുമതി.

പ്ലാന്റിലെ പ്രതിദിന മാലിന്യ സംസ്ക്കരണം 25 ടണ്ണിൽ നിന്ന് 20 ടണ്ണായി കുറയ്ക്കും. വൈകിട്ട് ആറു മുതൽ രാത്രി 12 വരെ പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കും. പഴകിയ അറവ് മാലിന്യങ്ങൾ പ്ലാന്റിലേക്ക് കൊണ്ടുവരാൻ പാടില്ലെന്നും, പുതിയ മാലിന്യങ്ങൾ മാത്രം സംസ്ക്കരിക്കണമെന്നും നിർദ്ദേശമുണ്ട്. പ്ലാന്റിലെ മലിനജല സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം

ശരിയായ രീതിയിലാണെന്ന് ഉറപ്പാക്കുകയും വേണം. വ്യവസ്ഥകൾ ലംഘിച്ചാൽ പ്ലാന്റിനെതിരെ കർശന നടപടിയെടുക്കുമെന്ന് ജില്ലാകളക്ടർ അറിയിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിലെ മലയോര ഹൈവേയുടെ ഭാഗമായ കോടഞ്ചേരി - കക്കാടംപൊയിൽ റീച്ചിൽ നിന്ന് നേരത്തെ സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കിയ മേലെകുമ്പാറ-താഴെകക്കാട് കണക്റ്റിംഗ് റോഡിന്റെ നിർമ്മാണം മന്ത്രി PA മുഹമ്മദ് റിയാസ് ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു. കിഫ്ബിയുടെ 26 കോടി 25 ലക്ഷം രൂപ ചെലവിലാണ് നിർമ്മാണം.

✪✪✪

വടകര പാർലമെന്റ് മണ്ഡലത്തെ ഭിന്നശേഷി സൗഹൃദമാക്കുന്ന 'സൗഹൃദസ്പർശം' പരിപാടിയ്ക്ക് ഇന്ന് തുടക്കമാകും. ഷാഫി പറമ്പിൽ MP ഉദ്ഘാടനം ചെയ്യും. ഭിന്നശേഷിക്കാർക്കായി വിപുലമായ സേവനക്യാമ്പുകൾ ചടങ്ങിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

മഹിളാ മോർച്ച കോഴിക്കോട് റൂറൽ ജില്ലാ സ്ത്രീശക്തി സംഗമം ഉച്ചകഴിഞ്ഞ് ബാലുശ്ശേരി ഗ്രീൻ അറീന ഓഡിറ്റോറിയത്തിൽ നടത്തും. BJP സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രൻ സംഗമം ഉദ്ഘാടനം ചെയ്യും.

✪✪✪

മുഖ്യമന്ത്രിയെയും ഗതാഗതമന്ത്രിയെയും സാമൂഹികമാധ്യമത്തിലൂടെ അപകീർത്തിപ്പെടുത്തിയെന്ന പരാതിയിൽ KSRTC ജീവനക്കാരനെ സസ്പെൻഡ് ചെയ്തു. എടപ്പാൾ കണ്ടനകം KSRTC റീജണൽ വർക് ഷോപ്പിലെ സ്റ്റോർ ഇഷ്യൂവർ M. സന്തോഷ് കുമാറിനെയാണ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്തത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : ശരണ്യ രാജൻ*
*DEO : ഷീബ*